"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പോലീസ് വകുപ്പ് - എറണാകുളം റൂറൽ ജില്ലയിലെ രാമമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടം - സരോജിനി ദാമോദരൻ ഫൗണ്ടേഷന്റെ ഫണ്ട് ഉപയോഗിച്ച് ആധുനിക രീതിയിൽ ട്രസ്സ് വർക്കും, സീലിംഗ് വർക്കും സൗജന്യമായി നിർവഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2258/2025/HOME    തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:- 1) 05.08.2024 ലെ സ.ഉ. (സാധാ) നം. 2241/2024/ആഭ്യന്തരം.

2) സംസ്ഥാന പോലീസ് മേധാവിയുടെ 11.04.2025, 04.06.2025 തീയതികളിലെ എച്ച്13-68355/2025/പി.എച്ച്.ക്യൂ നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം റൂറൽ ജില്ലയിലെ രാമമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടം ഇൻഫോസിസ് കമ്പനിയിൽ നിന്ന് 6,89,000/- രൂപ സി.എസ്.ആർ ഫണ്ടുപയോഗിച്ച് ആസ്ബസ്റ്റോസ് കൊണ്ടുള്ള റൂഫിങ്ങ് മാറ്റി ആധുനിക രീതിയിൽ ട്രസ്സ് വർക്ക് ചെയ്ത് സീലിംഗ് വർക്ക് ചെയ്യുന്നതിന് പരാമർശിത ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവർത്തി നിർവ്വഹിക്കുന്നതിന് കാലതാമസം നേരിട്ടതിനാലും, അതിനോടൊപ്പം ടി ഫണ്ട് ബഹു. മുഖ്യമന്ത്രിയുടെ വയനാട് ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകിയതിനാലും ആയത് നിർവ്വഹിക്കുവാൻ സാധിക്കാതെ വന്നുവെന്നും ഇപ്പോൾ ഇൻഫോസിസ് കമ്പനിയുടെ മുൻ സി.ഇ.ഒ ആയിരുന്ന ശ്രീ.ഷിബുലാൽ ബാംഗ്ലൂർ ആസ്ഥാനമായി സ്ഥാപിച്ചിട്ടുള്ള സരോജിനി ദാമോദരൻ ഫൗണ്ടേഷൻ പ്രസ്തുത വർക്കുകൾ സൗജന്യമായി ചെയ്തു തരുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രവർത്തി ചെയ്യുന്നതിനുള്ള അനുമതി നല്കണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം ആവശ്യപ്പെടുകയുണ്ടായി .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, സർക്കാരിന് യാതൊരു വിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, രാമമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിലവിലെ ആസ്ബസ്റ്റോസ് ഷീറ്റ് കൊണ്ടുള്ള റൂഫിംഗ് മാറ്റി ആധുനിക രീതിയിൽ ട്രസ്സ് വർക്കും, സീലിംഗ് വർക്കും സരോജിനി ദാമോദരൻ ഫൗണ്ടേഷന്റെ ഫണ്ട്

ഉപയോഗിച്ച് പൂർണ്ണമായും സൗജന്യമായി നിർവഹിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് മാത്യു
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ.ഡി. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divya R S
സെക്ഷൻ ഓഫീസർ
Date: 04-07-2025 16:35:13